## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4065

16.03.2017-ൽ മറുപടിയ്ക്ക്

## പാർലമെന്ററി സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) പാർലമെന്ററികാര്യ വകുപ്പ് മുൻകൈയെടുത്ത് കേരളത്തിൽ എന്തെല്ലാം പദ്ധതികളും പഠന പരിപാടികളും നടത്തിവരുന്നു;<br><br>(ബി) പാർലമെന്ററി സംവിധാനത്തെക്കുറിച്ച് ജനങ്ങളിൽ അറിവ് പകരുവാൻ തുടർച്ചയായ പഠന-പരിശീലന-പരസ്യ പ്രചാരണങ്ങൾക്ക് മുൻകൈ എടുക്കുമോ; | (എ) യും & (ബി) യും | പാർലമെന്ററികാര്യ വകുപ്പിനു കീഴിൽ പ്രവർത്തിച്ച് വരുന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ /എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/ പ്രസംഗം എന്നിവയിൽ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്' പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് വരുന്നു. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്കും യുവതലമുറയ്ക്കും നൽകുന്നതിനായി സ്കൂൾ/കോളേജ് തലത്തിൽ സെമിനാറുകളും ജനാധിപത്യ പാർലമെന്ററി സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു. |

| | |
|---|---|
| (സി) ഇന്ത്യയിലെ മികച്ച പാർലമെന്റേറിയൻമാരുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കേരള പാർലമെന്ററികാര്യ വകുപ്പ് പുനസംഘടിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ